ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ലോകനേതാക്കളുമായി കൂടിക്കാഴ്ച്ച നടത്തും, റഷ്യ-ഉക്രെയ്ൻ സംഘർഷം ഉൾപ്പടെയുള്ള വിഷയങ്ങൾ ചർച്ച്ചയാകും

   **Prime Minister Narendra Modi will meet world leaders at the BRICS summit in New Delhi, issues including the Russia-Ukraine conflict will be discussed**

2. യുക്രെയ്ൻ-റഷ്യ സമാധാന ചർച്ച്ചകൾ പുനരാരംഭിക്കാൻ സമീപകാല നയതന്ത്ര ശ്രമങ്ങൾ സഹായിക്കുമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്

   **Recent diplomatic efforts will help in the resumption of Ukraine-Russia peace talks, says UN Secretary-General Antonio Guterres**

3. അയൽ രാജ്യങ്ങളുമായി മികച്ച ബന്ധം പുലർത്തുക എന്നതാണ് ഇന്ത്യയുടെ നിലപാടെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്.

   **India's stance is to maintain good relations with neighboring countries, says defence minister rajnath singh**

4. ഒൻപതാം ദേശീയ പോഷകാഹാര മാസത്തിന് വാരാണസിയിൽ തുടക്കമായി, കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്തു

   **9th National Nutrition Month begins in Varanasi, Union Minister Annapurna Devi inaugurates the program**

5. സംസ്ഥാന ബജറ്റിൽപ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **Chief Minister VD Satheesan says a new mechanism will be launched to implement the schemes announced in the state budget.**

6. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. വരുംദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്

   **Severe heat continues in Kerala. The Central Meteorological Department has predicted rain in the coming days**

**PM-GFF MUMBAI EARLY**

ഫിൻടെക് മേഖലയിൽ ഇന്ത്യൻ മുന്നേറ്റത്തിന്റെ ഉത്തമ ഉദാഹരണമാണ് ഏകീകൃത പേയ്മെന്റ് സംവിധാനമായ യുപിഐ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മുംബൈയിൽ ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിന്റെ ഏഴാം പതിപ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓഗസ്റ്റ് മാസം 2,400 കോടിയിലധികം യു.പി.ഐ ഇടപാടുകൾ നടന്നതായി

പരാമർശിച്ച പ്രധാനമന്ത്രി, ഫിൻടെക് രംഗത്തെ മുൻനിര ചാമ്പ്യനായി യു.പി.ഐയെ വിശേഷിപ്പിച്ചു.

## FUR REV MEA BRIEFING (INTRO)

ന്യൂഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ലോകനേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ഈ മാസം 12,13 തീയതികളിലായി നടക്കുന്ന ഉച്ചകോടിയിൽ റഷ്യ-ഉക്രെയ്ൻ സംഘർഷം ഉൾപ്പടെയുള്ള നിരവധി വിഷയങ്ങൾ ചർച്ചാവിഷയമാകുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

## FUR REV MEA BRIEFING (VOICE)

ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രിയും റഷ്യൻ പ്രസിഡൻ്റ് വ്ലാഡിമിർ പുടിനു ഉഭയകക്ഷി ചർച്ചകൾ നടത്തും. ഇന്ത്യയും ചൈനയും തമ്മിൽ ആദ്യത്തെ ഉന്നത മിലിട്ടറി കമാൻഡർ തല ഫ്ലാഗ് മീറ്റിംഗ് നടന്നതായി മന്ത്രാലയ വക്താവ് വ്യക്തമാക്കി. ഈ മാസം ആറാം തീയതി അരുണാചൽ പ്രദേശിലെ വാച്ചയിലും, ഇന്നലെ ചൈനീസ്

അതിർത്തിയിലെ ദാമയിലും ഇതു സംബന്ധിച്ച ഫ്ളാഗ് മീറ്റിംഗ് നടന്നിരുന്നു. മിന്നൽ പ്രളയമുണ്ടായ നേപ്പാളിന് ദുരിതാശ്വാസ - പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇന്ത്യയുടെ പിന്തുണ തുടരുമെന്നും ശ്രീ. ജയ്സ്വാൾ അറിയിച്ചു.

ന്യൂസ് ഡസ്ക് ആകാശവാണി...

## UN CHIEF-RUSSIA

യുക്രെയ്ൻ-റഷ്യ സമാധാന ചർച്ചകൾ പുനരാരംഭിക്കാൻ സമീപകാല നയതന്ത്ര ശ്രമങ്ങൾ സഹായിക്കുമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് . യുഎസ് പ്രതിനിധികൾ മോസ്കോയും കീവും സന്ദർശിച്ചതിന് പിന്നാലെയാണ് ഗുട്ടെറസിൻറെ പ്രതികരണം . ഇത്തരം ശ്രമങ്ങളെ പൂർണ്ണമായും പിന്തുണക്കുന്നതായി യുഎൻ വക്താവ് അഭിപ്രായപ്പെട്ടു. യൂറോപ്യൻ യൂണിയൻ 226 ബില്യൺ യുഎസ് ഡോളറിന്റെ സഹായം യുക്രെയ്ന് നൽകിയതായും യുഎൻ വക്താവ് പറഞ്ഞു.

## POSHAN MAH - UP

ഒൻപതാം ദേശീയ പോഷക ആഹാര മാസത്തിന് വാരാണസിയിൽ തുടക്കമായി. മുഖ്യമന്ത്രി യോഗി ആദിത്യനാഥിൻറെ സാന്നിധ്യത്തിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്തു. "നമ്മുടെ അംഗണവാടികൾ, നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ സന്ദേശം. ഈ മാസം മുഴുവൻ രാജ്യത്തുടനീളം നടക്കുന്ന പ്രചാരണത്തിൽ പോഷകാഹാര വൈവിധ്യം, അംഗണവാടികളിലെ ചൂടുള്ള ഭക്ഷണം, പ്രധാനമന്ത്രി മാതൃ വന്ദന യോജനയുടെ 10 വർഷങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## POSHAN MA- KERALA

പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 'പോഷൻ മാ 2026' സംസ്ഥാനതല ഉദ്ഘാടനവും വനിതാ ശിശു വികസന വകുപ്പിന്റെ 'ബാല്യസ്പന്ദനം' പദ്ധതിയുടെ കൊല്ലം ജില്ലാതല ഉദ്ഘാടനവും മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു. കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ പോഷക സുരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

## CABINET

¬സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കുമെന്ന്

മുഖ്യമന്ത്രി വി ഡി സതീശൻ. മന്ത്രിസഭാ യോഗ തീരുമാനങ്ങൾ സംബന്ധിച്ച് തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനായി ഈ മാസം 16 മുതൽ 18 വരെ വിവിധ ക്ലസ്റ്ററുകളായി തിരിച്ച് റൗണ്ട് ടേബിൾ കോൺഫറൻസ് നടത്താൻ തീരുമാനിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. സുപ്രീം കോടതി നിർദേശ പ്രകാരം ജില്ലാ ജുഡീഷ്യൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 62 വയസായി ഉയർത്തിയതായും മുഖ്യമന്ത്രി പറഞ്ഞു.

## CABINET-2

സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം സംബന്ധിച്ച സമയക്രമം മുൻകൂട്ടി അറിയിക്കാൻ KSEB ക്ക് നിർദ്ദേശം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾക്ക് അധിക ബാധ്യതയില്ലാതെ കൂടുതൽ വൈദ്യുതി എത്തിക്കാനാണ് ശ്രമമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## MEA- DNA PROFILE

നേപ്പാളിൽ ഇന്ത്യൻ ഫോറൻസിക് സംഘം ഇതുവരെ 1400-ലധികം ഡിഎൻഎ സാമ്പിളുകൾ പരിശോധിക്കുകയും 378 ഡിഎൻഎ കൾ തിരിച്ചറിയുകയും ചെയ്തതായി വിദേശകാര്യ മന്ത്രാലയം . അതേസമയം പ്രളയ ശേഷമുള്ള ശുചീകരണ പ്രവർത്തങ്ങൾ ഇന്ത്യൻ സംഘം തുടരുകയാണ് .

താൽക്കാലിക പാതയുടെ നിർമാണം ഉടൻ പൂർത്തിയാകുമെന്ന് മന്ത്രാലയം വ്യക്തമാക്കി .

## AGA KHAN-VISIT INDIA

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന്റെ ക്ഷണപ്രകാരം പ്രിൻസ് റഹിം ആഗ ഖാൻ അഞ്ചാമൻ ഇന്ന് മുതൽ ഈ മാസം 15 വരെ ഇന്ത്യ സന്ദർശിക്കും. നാളെ അദ്ദേഹം ഉപരാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവരുമായും അദ്ദേഹം ചർച്ച നടത്തും.

## RAJNATH-SRILANKA (INTRO)

ഇന്ത്യ- ശ്രീലങ്ക ബന്ധം ശക്തിപ്പെടുത്തുന്നതിൽ പ്രവാസികൾ നിർണായക പങ്ക് വഹിക്കുന്നതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ശ്രീലങ്ക സന്ദർശനത്തിന്റെ ഭാഗമായി കൊളംബോയിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. അയൽ രാജ്യങ്ങളുമായി മികച്ച ബന്ധം പുലർത്തുക എന്നതാണ് ഇന്ത്യയുടെ നിലപാടെന്നും ഏത് പ്രതിസന്ധി ഘട്ടത്തിലും ഇന്ത്യ ശ്രീലങ്കയ്ക്കൊപ്പം ഉറച്ചുനിൽക്കുമെന്നും രാജ്യരക്ഷ മന്ത്രി വ്യക്തമാക്കി.

(വോയിസ്)

## KERALA RAIN

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഇന്നും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം, ബംഗാൾ ഉൾക്കടലിലെ ന്യൂന മർദ്ദ സാധ്യതയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് വരുംദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

## IMD-WEATHER

ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ആന്ധ്രാപ്രദേശ്, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിൽ ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്.

## INDIA KUWAIT

ഇന്ത്യയും കുവൈത്തും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായി. കുവൈത്തിൽ നടന്ന എട്ടാമത് ഇന്ത്യ-കുവൈത്ത് ഫോറിൻ ഓഫീസ് ചർച്ചയിലാണ് തീരുമാനം.

വാണിജ്യം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, ഊർജ്ജം, സാങ്കേതികവിദ്യ, കൃഷി, ആരോഗ്യം, സംസ്കാരം, തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കും. അടുത്ത ഘട്ട ചർച്ചകൾ ന്യൂഡൽഹിയിൽ നടത്താൻ തീരുമാനിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## IRAN US CONFLICT

അമേരിക്കയും ഇറാനും തമ്മിൽ പ്രത്യാക്രമണങ്ങൾ ആരംഭിച്ചതോടെ പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷം രൂക്ഷം. അമേരിക്കൻ യുദ്ധക്കപ്പലിന് നേരെ ഉണ്ടായ മിസൈലാക്രമണത്തിന് തിരിച്ചടിയായി ഇറാന്റെ അഞ്ച് എണ്ണക്കപ്പലുകൾ യു.എസ് സൈന്യം തകർത്തു. ഇതിന് തുടർച്ചയായി ജോർദാനിലെ യു.എസ് താവളങ്ങൾക്ക് നേരെ ഇറാൻ മിസൈൽ ആക്രമണം നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## DRI

ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ രാജ്യവ്യാപകമായി നടത്തിയ ഓപ്പറേഷനുകളിൽ 740 കിലോ കഞ്ചാവും ചരസും പിടിച്ചെടുത്തു. കേസുകളിൽ 13 പേരെ അറസ്റ്റു ചെയ്തു.

## RAJASTHAN POLLS

രാജസ്ഥാനിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ആദ്യഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. മുൻസിപ്പൽ കോർപ്പറേഷൻ , കൗൺസിലുകൾ, മുൻസിപ്പാലിറ്റികൾ ഉൾപ്പെടെ 162 സ്ഥാപനങ്ങളിലേക്കാണ് വോട്ടെടുപ്പ് നടക്കുന്നത് .മറ്റന്നാൾ ആണ് രണ്ടാം ഘട്ട വോട്ടെടുപ്പ് ,വോട്ടെണ്ണൽ ഈ മാസം 14-ന് നടക്കും .

## LOCAL ELECTION

കേരളത്തിലെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമ നിർദ്ദേശ പത്രിക സമർപ്പണം നാളെ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന മറ്റന്നാൾ നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 14 ആണ്. 28 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29 ന് നടക്കും.

## PRESS TOUR

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉത്തർപ്രദേശിൽ സംഘടിപ്പിക്കുന്ന മാധ്യമപര്യടനത്തിൻ്റ ഭാഗമായി കേരളത്തിൽ നിന്നുള്ള മാധ്യമ പ്രതിനിധി സംഘം ബാരാബങ്കി ജില്ലയിലെ ദൗലത്പൂർ ഗ്രാമത്തിൽ പത്മശ്രീ അവാർഡ് ജേതാവും നൂതന കർഷകനുമായ റാം സരൺ വർമ്മയെ സന്ദർശിച്ചു. ആധുനികവും നൂതനവുമായ കാർഷിക രീതികളോടുള്ള അദ്ദേഹത്തിൻറെ സമീപനത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാൻ പ്രതിനിധി സംഘം റാം സരൺ വർമ്മയുമായി സംവദിക്കുകയും അദ്ദേഹത്തിൻറെ കൃഷിയിടം സന്ദർശിക്കുകയും ചെയ്തു.

## BOMBAY HC : CHIEF JUSTICE

50-ാമത് ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് മഹേഷ് ചന്ദ്ര ത്രിപാഠി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും . മഹാരാഷ്ട്ര ഗവർണർ ജിഷ്ണു ദേവ് വർമ്മ സത്യവാചകം ചൊല്ലിക്കൊടുക്കും . സുപ്രീം കോടതി കൊളീജിയത്തിന്റെ ശുപാർശയെത്തുടർന്നാണ് രാഷ്ട്രപതി നിയമനത്തിന് അംഗീകാരം നൽകിയത്. അലഹബാദ് ഹൈക്കോടതി ജഡ്ജിയായി പ്രവർത്തിക്കുകയായിരുന്നു അദ്ദേഹം.

## NAVY CHIEF - VISIT

ഇന്ത്യൻ നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻറെ ഓസ്ട്രേലിയ, ന്യൂസിലാൻഡ് സന്ദർശനം ഇന്നാരംഭിക്കും. ഇരു രാജ്യങ്ങളിലെയും പ്രതിരോധ, നാവികസേനാ ഉന്നത നേതൃത്വവുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. പ്രമുഖ പരിശീലന-പ്രവർത്തന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനൊപ്പം സൈനികരുമായി ആശയവിനിമയവും നടത്തും. നാവികസേനകൾ തമ്മിലുള്ള സഹകരണം, വിവര കൈമാറ്റം, പരിശീലനം എന്നിവ ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിൻറെ ലക്ഷ്യം.

## WORLD PARA ARCHERY

അഹമ്മദാബാദിൽ നടക്കുന്ന ലോക പാരാ ആർച്ചറി സീരീസിൽ ഇന്ത്യക്കിന്ന് പോരാട്ടങ്ങളുടെ ദിവസം. റീക്കർവ് മിക്സ്ഡ് ടീം ഫൈനലിൽ ഇന്ത്യയുടെ ഭാവന-ഹർവീന്ദർ സിങ് സഖ്യം ചൈനയെയും, കോമ്പൗണ്ട് വനിതാ ഫൈനലിൽ ശീതൾ ദേവി, കസാക്കിസ്ഥാൻ താരത്തെയും നേരിടും.

കോമ്പൗണ്ട് മിക്സ്ഡ് ടീം വെങ്കല പോരാട്ടത്തിൽ ശീതൾ ദേവി-തോമൻ കുമാർ സഖ്യം ഇറാഖിനെ നേരിടും. നിലവിൽ ഇന്ത്യ രണ്ട് സ്വർണ്ണവും രണ്ട് വെള്ളിയും ഒരു വെങ്കലവുമുൾപ്പെടെ അഞ്ച് മെഡലുകൾ സ്വന്തമാക്കിയിട്ടുണ്ട്.